## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 231 — 18.06.2014 ൽ മറുപടിക്ക്.

## നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എം. എ. വാഹിദ്:<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചത്? വിശദമാക്കുമോ? | (എ) സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് സർക്കാരിന്റെ 05.11.2013 ലെ സ.ഉ. (എം.എസ്) 135/13/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തി ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും, ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഓൺലൈൻ മുഖേന നിരീക്ഷിക്കു ന്നതിനും വേണ്ടി വേജ് പ്രൊട്ടക്ഷൻ സിസ്റ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുമുണ്ട്. |
| (ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തിയിട്ടു ണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം സർക്കാരിന്റെ 05.11.2013 ലെ ജി. ഒ.(എം.എസ്) നമ്പർ.135/2013/തൊഴിൽ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണ തലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (സി) | റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും ജില്ലാ ലേബർ ഓഫീസറുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.